



# നഗരങ്ങളിൽ ഭവന വായ്പാ പലിശ ഇളവ് നേടിയത് 9000-ലേറെ പേർ

കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മാത്രം വീടുവയ്ക്കുന്നവർക്കുള്ളതാണ് ഈ പദ്ധതി.




എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ


കേന്ദ്രഗവൺമെന്റിന്റെ പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ) നഗരം പദ്ധതി പ്രകാരം കുടുംബശ്രീ കേരളത്തിൽ നടപ്പിലാക്കുന്ന ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി സ്കീം (സി.എൽ.എസ്.എസ്) മുഖേനയാണ് ഈ വായ്പയിളവ് ലഭിക്കുന്നത്.

വാർഷികവരുമാനം ആറ് ലക്ഷം വരെയുള്ളവർ നഗരങ്ങളിൽ വീടുവയ്ക്കാനായി ബാങ്ക് ലോൺ എടുക്കുമ്പോൾ 6.5 ശതമാനം പലിശയിളവ് ലഭിക്കുന്നു (6 ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക്). വാർഷിക വരുമാനം ആറ് ലക്ഷം മുതൽ 12 ലക്ഷം വരെയുള്ളവരുടെ ബാങ്ക് വായ്പയ്ക്ക് 4% പലിശയിളവ് ലഭിക്കുന്നു (9 ലക്ഷം രൂപവരെയുള്ള വായ്പയ്ക്ക്). കൂടാതെ 12 ലക്ഷത്തിനും 18 ലക്ഷ



കുടുംബശ്രീ - സംസ്ഥാനതല നോഡൽ ഏജൻസി

**എന്താണ് പദ്ധതി?**

നഗരപ്രദേശത്തെ ഭവനരഹിതരായവർക്ക് ഭവനം വാങ്ങുന്നതിനോ; നിർമ്മിക്കുന്നിനോ നിലവിലെ പലിശ നിരക്കിൽ നിന്നും കുറഞ്ഞ നിരക്കിൽ, ബാങ്കുകൾ മുഖേന വായ്പ ലഭ്യമാകുന്ന പി.എം.എ.വൈ.യിലെ ഘടകമായ ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി (സിഎൽഎസ്എസ്)

# നിങ്ങൾക്കൊരു വീടു വേണോ??

## കുറഞ്ഞ പലിശ നിരക്കിൽ ഭവനവായ്പ

**പരമാവധി പലിശ സബ്സിഡി 2.6 ലക്ഷം രൂപ**

**സർക്കാർ ഉദ്യോഗസ്ഥർക്കും നേടാം**

### പദ്ധതി പ്രകാരം വായ്പ ലഭിക്കുന്നതിന് അടുത്തുള്ള സംസ്ഥാന സഹകരണ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകളെ സമീപിക്കുക

ത്തിനുമിടയിൽ വരുമാനം ലഭിക്കുന്നവർക്ക് തങ്ങളുടെ വായ്പയ്ക്ക് 3% പലിശ സബ്സിഡി ലഭിക്കുന്നു (12 ലക്ഷം വരെയുള്ള ലോണിന്). കൂടുതൽ തുക വായ്പ എടുക്കുന്നവർക്ക് മേൽപ്പറഞ്ഞ പരിധിക്കുള്ളിലുള്ള തുകയ്ക്ക് മാത്രമാകും പലിശയിളവ് ലഭിക്കുക.

ഇപ്രകാരം സാധാരണക്കാർ മുതൽ പ്രതിമാസം 1.5 ലക്ഷം രൂപ (വർഷം 18 ലക്ഷം രൂപ) വരുമാനമുള്ളവർക്ക് വരെ ഈ പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നു. 2015 ജൂൺ 17ന് ശേഷം വായ്പയെടുത്ത 6 ലക്ഷത്തിൽ താഴെ വരുമാനമുള്ളവർക്കും 2017 ജൂലൈ 1ന് ശേഷം വായ്പയെടുത്ത 6 ലക്ഷം മുതൽ 18 ലക്ഷം വരെ വാർഷികവരുമാനമുള്ളവർക്കും ഈ പലിശ സബ്സിഡി നേടാനാകും. സഹകരണ ബാങ്കുകളൊഴികെയുള്ള മറ്റ് ബാങ്കുകളിൽ നിന്നും ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തവർക്ക് ഈ ആനുകൂല്യം ലഭിക്കും. (പ്രാഥമിക, ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പകൾക്ക് ഈ ആനുകൂല്യം ലഭിക്കില്ലെങ്കിലും സംസ്ഥാന സഹകരണ ബാങ്കുകളിൽ നിന്നെടുത്ത വായ്പകൾക്ക് ഈ ആനുകൂല്യം ലഭിക്കും).

നഗരങ്ങളിലെ എല്ലാ ബാങ്കുകളിലെയും ബ്രാഞ്ചുകളിലെ നിലവിലുള്ള ഭവന വായ്പകൾക്ക് ഈ ആനുകൂല്യം ലഭ്യമാക്കാനാണ് ഞങ്ങൾ ആദ്യം ശ്രമിച്ചത്. തുടർന്ന് നഗരസഭാതലത്തിൽ പ്രത്യേക ക്യാമ്പുകൾ നടത്തി ലോൺ അപേക്ഷകൾ ബാങ്കുകളിലെത്തിച്ചു. കൂടാതെ ലോൺ അപേക്ഷകൾ തയ്യാറാക്കി നൽകാൻ പ്രത്യേക ഫെസിലിറ്റേറ്റർമാരെ നിയമിച്ചു. കൂടുതൽ ലോൺ നൽകാൻ തയാറായി മുന്നോട്ടു വന്ന ആക്സിസ് ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ പോലുള്ള ബാങ്കുകൾക്കായി പ്രത്യേക മൊബിലൈസേഷൻ ക്യാമ്പുകൾ നടത്താനുള്ള കരാറിൽ ഒപ്പിട്ടു.

ഇപ്രകാരം വിവിധ പ്രവർത്തനങ്ങളിലൂടെ ഇതുവരെ 9028 പേരുടെ ഭവന വായ്പകൾക്ക് പലിശയിളവ് ലഭിച്ചു തുടങ്ങി. പ്രതിമാസം തിരിച്ചടവിൽ പരമാവധി 2500 രൂപവരെ കുറവാണുണ്ടാവുക. ആകെ 2.65 ലക്ഷം രൂപ പലിശയിളവ് ലഭിക്കും. ഈ വർഷം 25,000 പേർക്ക് ഈ സേവനം ലഭ്യമാക്കാനാണ് ഞങ്ങളുടെ ടീമിന്റെ ശ്രമം.